-3-

SN – 135

**I Semester B.A./B.Sc./B.Com. Examination, Nov./Dec. 2013**
**(Freshers + Repeaters Scheme)**
**(2010-11 & Onwards)**
**MALAYALAM LANGUAGE (Paper – I)**

Time : 3 Hours　　　　　　　　　　Max. Marks : 90/100

***Instructions** : 1) **100** marks for the students admitted during 2011-12 **(Freshers) only**.*
*2) **90** marks for the students prior to 2011-12 (**Repeaters**).*
*3) Question No. **VI only** for the **freshers**.*

I. ഏതെങ്കിലും **നാലെണ്ണം** വ്യാഖ്യാനിയ്ക്കുക : **(4×5=20)**

1) 'കത്തുന്നൊരാതാപജ്വാലയലർക്കനെ
സ്പർദ്ധിക്കും മട്ടിൽ ജ്വലിച്ചു ഭൂമി'

2) 'അനഘമാം ശക്തിയില്ലാഞ്ഞിദാനീം
തനതിന്ദ്രിയത്തെ ശ്ലപിക്കുന്നുണ്ടാം'

3) 'ഇന്നലെ ച്ചെയ്തോരബദ്ധം – മൂഢർ –
ക്കിന്നത്തെയാചാരമാവാം'

4) 'ജനിമരണാർത്തിദമാകും തൃഷ്ണ –
യിനി നിനക്കുണ്ടാകാതാകയാവൂ'

5) 'ക്ഷിതിയിൽ കണ്ടാശു സൂക്ഷിച്ചുനോക്കി
നിധിചോരപോലെ കുനിഞ്ഞിരുന്നു'.

ST. CLARET COLLEGE LIBRARY

II. a) ഏതെങ്കിലും **രണ്ടെണ്ണ**ത്തിന് ഉത്തരമെഴുതുക (**ഒന്നര**പുറത്തിൽ) : **(2×8=16)**

1) ആശ്രമപരിസരവർണ്ണന ആശാൻ എങ്ങനെ നിർവ്വഹിച്ചിരിക്കുന്നു ?
2) ആശ്രമത്തിലെ മാതംഗിയുടെ ജീവിതചര്യ – വിവരിക്കുക.
3) 'കാക്കയും വന്നു പനമ്പഴവും വീണു' – ഇതിന്റെ കാര്യകാരണബന്ധം വിവരിക്കുക.

b) ഏതെങ്കിലും **രണ്ടെണ്ണ**ത്തിന് ഉത്തരമെഴുതുക (**ഒന്നര**പുറത്തിൽ) : **(2×8=16)**

1) 'ഒരു ദുരന്തത്തിന്റെ ഓർമ്മക്കുറിപ്പുകൾ' എന്നതിലെ പ്രധാന പരാമർശങ്ങൾ എന്തെല്ലാം ?
2) സൈലന്റ് വാലിയെക്കുറിച്ചുള്ള സുഗതകുമാരിയുടെ കണ്ടെത്തൽ.
3) യഥാർത്ഥവികസനം എന്നാലെന്താണ് ?

P.T.O.

III. ഏതെങ്കിലും **ഒന്നിന്** ഉത്തരമെഴുതുക (**മൂന്നു** പുറത്തിൽ) : (1×15=15)

1) 'ജാതി ചോദിക്കുന്നില്ല ഞാൻ സോദരി' എന്നതിൽ വെളിവാക്കപ്പെടുന്ന, ജാതിവ്യവസ്ഥയുടെ ക്രൂരത 'ചണ്ഡാലഭിക്ഷുകി' എന്ന കൃതിയെ അടിസ്ഥാനമാക്കി വിവരിക്കുക.

2) ചണ്ഡാലസ്ത്രീ ചണ്ഡാലഭിക്ഷുകിയായിത്തീരാനുണ്ടായ സാഹചര്യങ്ങൾ വിവരിക്കുക.

IV. ഏതെങ്കിലും **ഒന്നിന്** ഉത്തരമെഴുതുക (**മൂന്നുപുറത്തിൽ**) : (1×15=15)

1) 'കാവുകളുടെ തകർച്ച സമൂഹത്തെ ബാധിക്കും' – വിവരിക്കുക.

2) 'വനരോദനം' എന്ന ലേഖനത്തിന്റെ സമകാലിക പ്രസക്തിയെന്ത് ?

V. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ആശയം **മൂന്നിലൊന്നായി** സംഗ്രഹിച്ചെഴുതുക. 8

പൊള്ളുന്ന വേനൽ വടക്കേയിന്ത്യയിൽ നിന്ന് ഇങ്ങോട്ടു കുടിയേറുന്ന കടുത്ത വേനൽ. നാം അവിടെ നിന്ന് പലതും ഇരവൽ വാങ്ങിക്കഴിഞ്ഞിരിക്കുന്നു. സ്ത്രീധനം, സ്ത്രീധന ഹത്യകൾ, മതവൈരം, വാടകക്കൊലകൾ, ഗുണ്ടാസംഘങ്ങൾ, ഒളിപ്പോരുകൾ ഇവയെപ്പോലെ ഈ ചൂടും മലയാളിക്ക് ഇന്ന് പരിചിതമായിരിക്കുന്നു. നദികൾക്കൊക്കെ ക്ഷയരോഗം. കിണറുകൾക്കൊക്കെ കണ്ണീരുറവ പോലും വറ്റിത്തുടങ്ങിയിരിക്കുന്നു. തെങ്ങുകൾ പേടിച്ച് കൂപ്പുകൈകളുയർത്തി യാചിച്ചു നിൽക്കുന്നു. കൃഷിവിളകൾ വരണ്ടു ചാഞ്ഞു ചാവാൻ കിടക്കുന്നു. തീ പിടിച്ച കാട്ടിൽ നിന്നു പറന്നുയരാൻ ശ്രമിക്കുന്ന പറവകൾ ചിറകു കുഴഞ്ഞ് വീഴുന്നു. ആനക്കൂട്ടം വെള്ളം തേടി നാട്ടിലേയ്ക്ക് കടക്കുന്നു. നമുക്ക് നല്ല സ്വപ്നങ്ങൾ കണ്ട് ചൂടിനെ മറക്കാം. വിലക്കയറ്റത്തിന്റെ അഗ്നിരേഖ വിഷജ്വരച്ചൂടുപോലെ കുത്തനെ ഉയരുന്നതു കാണരുത്. ലോകബാങ്കിന്റെ വെളുവെളുത്ത ആമ്യൻ വന്ന് നമ്മുടെ പഴയ തറവാടിന്റെ പടിപ്പുരയിൽ ജപ്തി നോട്ടീസ് ഒട്ടിക്കുന്നെന്നു പേടിസ്വപ്നം കണ്ടു വിളിക്കരുത്. ബ്രേക്ക് ഡാൻസിന്റെ ഭ്രാന്തതാളത്തിൽ നമ്മുടെ പൊന്നുമക്കൾ ഇണചേർന്നു നൃത്തം ചവിട്ടുന്നതും നുരയുന്ന വിഷം കുടിക്കുന്നതും കാണരുത്. അവരുടെ ചുണ്ടത്തു പുകയുന്നതു കഞ്ചാവോ ബ്രൗൺ ഷുഗറോ എന്നു ശങ്കിക്കരുത്. തൂവൽ കൊഴിഞ്ഞ വളഞ്ഞ കഴുത്തുള്ളൊരു നരച്ചു കറുത്ത കൂറ്റൻ കഴുകൻ ക്രൂരനോട്ടവുമായി അവരുടെ മാംസത്തിൽ കണ്ണുറപ്പിച്ച് അല്പം അകലെ ക്ഷമയോടെ കാത്തിരിക്കുന്നത് കണ്ടുപോയാൽ കണ്ണുപൊത്തുക. സാക്ഷരതയിലും വിദേശപ്പണം സമ്പാദിക്കുന്നതിലും മാത്രമല്ല, ആത്മഹത്യാനിരക്കിലും മലയാളിയാണ് ഇന്ത്യയിൽ മുൻനിരയിൽ.

VI. **ഒരു** വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക. 10

1) മൂല്യാവബോധം.

2) മൊബൈൽ ഫോണിന്റെ അതിപ്രസരം.